# കൃഷിവകുപ്പ് കമ്യൂണിറ്റി റേഡിയോ തുടങ്ങുന്നു

**തിരുവനന്തപുരം ▸** കൃഷിവിജ്ഞാന വ്യാപനം ലക്ഷ്യമിട്ട് കൃഷിവകുപ്പ് കമ്യൂണിറ്റി റേഡിയോ തുടങ്ങുന്നു. ജനുവരിയിൽ കുട്ടനാട്ടിൽ റേഡിയോ പ്രക്ഷേപണമാരംഭിക്കും. സംസ്ഥാനസർക്കാർ നേരിട്ടുനടത്തുന്ന ആദ്യ റേഡിയോയായാണിത്. ഇതുസംബന്ധിച്ചുള്ള കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ അനുമതി കൃഷിവകുപ്പിന് ലഭിച്ചിട്ടുണ്ട്. പ്രത്യേക കാർഷിക മേഖലകളായ വയനാട്, ഇടുക്കി, പാലക്കാട് എന്നിവിടങ്ങളിൽ അടുത്തവർഷം പ്രക്ഷേപണം ആരംഭിക്കും.

Mathrubhumi
23.12.17